## പാഠം 10

# സുവിശേഷത്തിനൊത്ത ജീവിതം

**വായിക്കുക:** റോമർ 8:20–23; യോഹ. 3:16,17; മത്താ. 9:36; എഫെ. 2:8–10; 1 യോഹ. 3:16,17; വെളി. 14:6,7.

**മനഃപാഠവാക്യം:** "കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാന മത്രേ ആകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. നാം ദൈവത്തിന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിക്കുന്നു" (എഫെ. 2:8–10).

ദൈവത്തിന്റെ ആജ്ഞകൾ, നിബന്ധനകൾ, നിർദ്ദേശങ്ങൾ എന്നിവയെക്കുറിച്ചു നാം പറയുമ്പോൾ തന്നെ നാം അപകടാവസ്ഥയിൽ ആയിപ്പോകുന്നു; അല്ലെങ്കിൽ പരീക്ഷയിൽ ആയി. നാം ചെയ്യുന്നതിനെക്കൊണ്ടു നമുക്കു രക്ഷ നേടുകയോ അല്ലെങ്കിൽ അതിൽ മുതൽ കൂട്ടുകയോ അതുമല്ലെങ്കിൽ ദൈവത്തിന്റെ അനുഭാവം നേടുകയോ ചെയ്യാൻ സാധിക്കുമെന്നു നാം ചിന്തിച്ചുപോകുന്നു. ബൈബിൾ പക്ഷേ ആവർത്തിച്ചു പറയുന്നു, യേശുവിലൂടെ ദൈവത്തിന്റെ കൃപയാലും, ക്രൂശിൽ നമുക്കുവേണ്ടിയുള്ള യേശുവിന്റെ പകരം മരണത്താലും രക്ഷിക്കപ്പെട്ട പാപികളാണു നാം എന്ന്. ഏതെങ്കിലും വിധത്തിൽ നമുക്കു എന്താണു ഇതിനോടു കൂട്ടിച്ചേർക്കാൻ കഴിയുക? അല്ലെങ്കിൽ എലെൻ ജി. വൈറ്റ്. എഴുതിയിരിക്കുന്നു: "മനുഷ്യനിൽ നല്ലതും വിശുദ്ധവും പവിത്രവും ഹൃദ്യവും ആയതൊക്കെ നാം ഒരുമിച്ചു സ്വരൂപിച്ചു, മനുഷ്യാത്മാവിന്റെ രക്ഷയിൽ പങ്കു ചേർന്നു പ്രവർത്തിക്കുന്ന ദൈവദൂതന്റെ പക്കൽ അനുഗുണമായി വിഷയം അവതരിപ്പിച്ചാൽ, അതു വഞ്ചനയായി തള്ളപ്പെട്ടുപോകും" Faith and works P. 24.

സാധുക്കളോടുള്ള നമ്മുടെ കരുണയുടെയും സഹതാപത്തിന്റെയും പ്രവൃത്തികൾപോലും ആചാരപരമാകരുത്: നേരേമറിച്ചു, രക്ഷയെ സംബന്ധിച്ചധാരണയിലും അഭിനന്ദനത്തിലും നാം വളരുമ്പോൾ, പീഡിതരോടും സാധുക്കളോടുമുള്ള ദൈവസ്നേഹത്തിന്റെയും കരുതലിന്റെയും ഇടയിലെ കണ്ണി, ദൈവസ്നേഹത്തിന്റെ ഗുണഭോക്താളായ നമ്മിലേക്കു വന്നുചേരും. നമുക്കു ലഭിച്ചു, അതിനാൽ നാം നൽകും. ദൈവം നമ്മെ അത്രമാത്രം സ്നേഹിച്ചു

എന്നു നാം കാണുമ്പോൾ, ദൈവം മറ്റുള്ളവരെയും എത്രമാത്രം സ്നേഹിക്കുന്നു എന്നും അവരെ സ്നേഹിക്കുവാൻ ദൈവം നമ്മെ വിളിക്കുന്നു എന്നും നാം കാണും.

**ഞായർ** **സെപ്തംബർ 1**

## ദൈവം അത്രമാത്രം സ്നേഹിച്ചു

യോഹന്നാൻ 3:16 പറയുന്നു: "തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു." മൂലപദം കോസ്മോസ് (Kosmos) ആണ്. അതിന്റെ അർത്ഥം" "ലോകം സൃഷ്ടിക്കപ്പെട്ട, രൂപീകൃതമായ ഒരു സ്വത്വം" എന്നാണു - SDA BC, 5:929. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയെ സംബന്ധിക്കുന്നതാണു ഈ വാക്യം. രക്ഷാപദ്ധതി ആകട്ടെ സൃഷ്ടിയുടെ ആകമാനമായ രക്ഷ എന്നും അർത്ഥമാക്കുന്നുണ്ട്.

**റോമർ 8:20–23 വായിക്കുക. രക്ഷാപദ്ധതിയിലെ കൂടുതൽ വിശാലമായ പ്രശ്നങ്ങളെക്കുറിച്ചു ഇതു എന്തു പഠിപ്പിക്കുന്നു?**

നിശ്ചയമായും ഒരു നിലയിൽ, കർത്താവുമായുള്ള നമ്മുടെ വ്യക്തിപരമായ ബന്ധത്തെ കുറിക്കുന്നതാണു രക്ഷ. എന്നാൽ അതിനെക്കാൾ അധികമുണ്ടു കാര്യം. നീതീകരണം എന്നതു കേവലം നമ്മുടെ പാപങ്ങൾ ക്ഷമിച്ചു കിട്ടുന്നതു മാത്രമല്ല. ആശയപരമായി, എങ്ങനെയാണു കർത്താവു യേശുവിലൂടെയും പരിശുദ്ധാത്മാവിലൂടെയും ദൈവകുടുംബത്തെ രൂപപ്പെടുത്തുന്നതു എന്നതും അതിൽ ഉൾപ്പെടുന്നു. ഈ ദൈവകുടുംബം, മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ, തങ്ങളുടെ സൽപ്രവൃത്തികളിലൂടെ സാക്ഷികൾ ആയിക്കൊണ്ടു അവരുടെ പാപക്ഷമയെയും രക്ഷയുടെ ഉറപ്പിനെയും ആഘോഷം ആക്കുന്നു.

**യോഹന്നാൻ 3:16,17 വായിക്കുക. വാക്യം 16 നെ കൂടുതൽ വിശാലമായി മനസ്സിലാക്കുവാൻ 17-ാം വാക്യം എങ്ങനെ സഹായിക്കുന്നു.**

ദൈവം നമ്മെ കൂടാതെ മറ്റുള്ളവരെയും സ്നേഹിക്കുന്നു എന്നു നമുക്കു അംഗീകരിക്കാൻ കഴിയും. നാം സ്നേഹിക്കുന്നവരെ ദൈവം സ്നേഹിക്കുന്നുണ്ട്, അതിൽ നാം ആനന്ദിക്കുന്നു. നാം സമീപിക്കുന്നവരെയും ദൈവം സ്നേഹിക്കുന്നു, ഈ സത്യത്തിന്റെ തിരിച്ചറിവു അവരെ കണ്ടെത്തുന്നതിനു നമുക്കു പ്രേരകശക്തി ആകുന്നു. ദൈവം പക്ഷേ നമുക്കു അസഹ്യർ ആയവരെയും, ഭയപ്പെടുന്നവരെയും പോലും സ്നേഹിക്കുന്നു. ദൈവം എല്ലായിടത്തും എല്ലാവരെയും, നാം ഒട്ടും ഇഷ്ടപ്പെടാത്തവരെപ്പോലും സ്നേഹിക്കുന്നു.

ഇതു പ്രദർശിപ്പിക്കപ്പെട്ടു കാണുന്ന ഒരു വഴിയാണു സൃഷ്ടി. ദൈവത്തിന്റെ നന്മയുടെ തെളിവായി ബൈബിൾ ഐക്യരൂപത്തോടെ നമുക്കു

ചുറ്റുമുള്ള ലോകത്തിലേക്കു ചൂണ്ടിക്കാണിക്കുന്നു: [ദൈവം] ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കയും, നീതികെട്ടവരുടെ മേലും നീതിമാന്മാരുടെ മേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ (മത്താ. 5:45). ജീവൻ തന്നെയും ദൈവത്തിൽ നിന്നുള്ള ഒരു ദാനമാണ്. വ്യക്തിയുടെ പ്രതികരണം അല്ലെങ്കിൽ മനോഭാവം എന്തായിരുന്നാലും ഓരോ വ്യക്തിയും ആ ദാനത്തിന്റെ ഗുണഭോക്താവാണ്.

**ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരും സ്നേഹിക്കപ്പെടുന്നവരും ആണു മറ്റുള്ളവർ എന്നു തിരിച്ചറിയുമ്പോൾ മറ്റുള്ളവരോടുള്ള നമ്മുടെ മനോഭാവം എങ്ങനെ മാറ്റപ്പെടണം?**

**തിങ്കൾ** **സെപ്തംബർ 2**

## അനുകമ്പയും അനുതാപവും

രക്ഷയുടെയും വൻവിവാദത്തിന്റെയും ഇടകലർന്നുള്ള കഥകൾ ജീവിതം സംബന്ധിച്ച സത്യത്തെ അംഗീകരിക്കുവാൻ നമ്മെ ക്ഷണിക്കുന്നു. നമ്മുടെ ലോകത്തെക്കുറിച്ചും നമ്മെക്കുറിച്ചുമുള്ള നമ്മുടെ അറിവിനു അടിസ്ഥാനം ആണത്. നമ്മളും നമ്മുടെ ലോകവും വീഴ്ച ഭവിച്ചതും തകർന്നതും പാപം നിറഞ്ഞതും ആണെന്നതാണു ആ സത്യം. സൃഷ്ടിക്കപ്പെട്ടപ്പോൾ ആയിരുന്ന ലോകമല്ല നമ്മുടെ ഇന്നത്തെ ലോകം. ദൈവത്തിന്റെ സാദൃശ്യം ഇനിയും നാം വഹിക്കുന്നുണ്ടെങ്കിലും നാം ഇന്നു ആ തകർന്ന ലോകത്തിന്റെ ഭാഗമാണ്. നമ്മുടെ ജീവിതങ്ങളിൽ ഇന്നുള്ള പാപം സകലവിധമായ വേദനയും, പീഡനവും ചൂഷണവും ഉളവാകുന്ന ദുഷ്ടതയുടെ അതേ പ്രകൃതത്തിൽ തന്നെ ഉള്ളതാണ്.

അതുകൊണ്ടു ലോകത്തിന്റെയും നമുക്കു ചുറ്റുമുള്ള മനുഷ്യരുടെയും വേദനയും അസ്വസ്ഥതയും ദുഃഖവും, ദുരന്തവും നാം അറിയുന്നതു ശരിയാണ്. ജീവിതത്തിന്റെ വേദനകൾ അറിയാതിരിക്കുവാൻ നമ്മൾ യന്ത്ര മനുഷ്യർ ആയിരിക്കണം. സങ്കീർത്തനങ്ങളിലെ വിലാപങ്ങൾ, യിരെമ്യാവിന്റെയും മറ്റു പ്രവാചകന്മാരുടെയും ദുഃഖങ്ങൾ, യേശുവിന്റെ കണ്ണുനീരും അനുകമ്പയും, ലോകത്തോടും അതിന്റെ തിന്മയോടുമുള്ള, പ്രത്യേകിച്ചു ആ തിന്മയാൽ കൂടെക്കൂടെ ബാധിക്കപ്പെടുന്നവരോടുള്ള പ്രതികരണത്തിന്റെ അനുയോജ്യതയെ പ്രകടമാക്കുന്നതാണ്.

**മത്തായി 9:36; 14:14; ലൂക്കൊസ് 19:41,42; യോഹന്നാൻ 11:35 എന്നിവ വായിക്കുക. ഓരോ വാകൃത്തിലും എന്തുകാര്യമാണു യേശുവിൽ മനസ്സലിവുളവാക്കിയത്? നമുക്കു ചുറ്റിലുമുള്ള വേദനകളിൽ നമുക്കു എങ്ങനെ ഒരു ആർദ്രഹൃദയം ഉണ്ടാകാൻ ഇടയാകും?**

പാപവും ദുഷ്ടതയും “അവിടെ മാത്രം” അല്ല, അല്ലെങ്കിൽ മറ്റൊരാളിന്റെ തകർച്ചയുടെ ഫലം മാത്രവുമല്ല എന്നുകൂടി നാം ഓർക്കണം; “നമുക്കു

പാപമില്ല എന്നു നാം പറയുന്നെങ്കിൽ നാം നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ല" (1 യോഹ. 1:8). ബൈബിളിലെ പ്രവാചകന്മാരിൽനിന്നുള്ള അറിവിൽ പാപം ഒരു ദുരന്തമാണ്, പ്രാഥമികമായി ആരോ "നിയമം" ലംഘിച്ച തുകൊണ്ടല്ല. പക്ഷേ എന്തുകൊണ്ടെന്നാൽ, പാപം ദൈവവും തന്റെ ജനവും തമ്മിലുള്ള ബന്ധം തകർത്തുകളഞ്ഞതിനാലും നമ്മുടെ പാപം മറ്റുള്ളവരെ ദേവനിപ്പിക്കുന്നതുകൊണ്ടും. ചെറുതോ വലുതോ ആയ അളവിൽ ഇതു സംഭവിക്കാം, എന്നാൽ ഇതു ഒരു ദോഷം തന്നെയാണ്.

സ്വാർത്ഥത, അത്യാഗ്രഹം, അല്പത്വം, ദുരഭിമാനം, അജ്ഞത, അശ്രദ്ധ എന്നിവ സകല ലോക ദുഷ്ടതയുടെയും അന്യായത്തിന്റെയും ദാരിദ്ര്യത്തിന്റെയും പീഡനത്തിന്റെയും മൂലകാരണമാണ്. പാപമെന്ന ദോഷത്തെ നേരിടുന്നതിൽ നമ്മുടെ പാപാവസ്ഥ ഏറ്റു പറയുന്നതു ഒരു ആദ്യനടപടി ആണ്. ദൈവത്തിന്റെ സ്നേഹത്തെ നമ്മുടെ ഹൃദയങ്ങളിൽ അതിന്റെ ശരിയായ സ്ഥാനമെടുക്കുന്നതിനു അനുവദിക്കുന്നതിന്റെയും അദ്യപടിയാണ് ഏറ്റുപറച്ചിൽ: നാം നമ്മുടെ പാപം ഏറ്റുപറയുന്നെങ്കിൽ [ദൈവം] നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹ. 1:9).

**നിങ്ങളിലേക്കു തന്നെ നോക്കുക (എന്നാൽ അധികം അടുത്തും അധികനേരത്തേക്കുമല്ല). ഏതെല്ലാം വിധങ്ങളിൽ നിങ്ങൾ തകർന്നവരും വലിയ പ്രശ്നത്തിന്റെ ഭാഗവും ആകുന്നു? ഏക ഉത്തരം എന്താണ്, നോക്കുവാനുള്ള സ്ഥലവും ഏതാണ്?**

**ചൊവ്വ** **സെപ്തംബർ 3**

## കൃപയും സൽപ്രവൃത്തികളും

**എഫെസ്യർ 2:8-10 സ്വന്തം വാക്കുകളിൽ സംഗ്രഹിക്കുക. കൃപയും സൽപ്രവൃത്തികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ഈ വാക്യങ്ങൾ എന്താണു പറയുന്നത്?**

ദൈവത്തെ ആരാധിപ്പാനും മറ്റുള്ളവരെ സേവിപ്പാനുമായി നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നു മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ ബൈബിൾ പറയുന്നു. പാപമില്ലാത്ത ഒരു അന്തരീക്ഷത്തിൽ ഈ ക്രിയകൾ എന്തുപോലെ ആയിരിക്കുമെന്നു മനസ്സിലാക്കാൻ നമുക്കു സങ്കല്പത്തിലൂടെ ശ്രമിക്കുവാനേ കഴിയൂ.

ഇപ്പോൾ പാപം നിമിത്തം തകർന്നതും വീണുപോയതുമായ ഒരു ലോകത്തെ മാത്രമേ, നാം അറിയുന്നുള്ളൂ. ഭാഗ്യവശാൽ നമുക്കുവേണ്ടി, ദൈവത്തിന്റെ കൃപ, ലോകത്തിന്റെ പാപത്തിനുവേണ്ടിയുള്ള യേശുവിന്റെ

യാഗത്തിൽ വെളിപ്പെടുകയും പ്രവർത്തിക്കുകയും, പാപക്ഷമയ്ക്കും സൗഖ്യത്തിനുമുള്ള വാതിൽ തുറക്കുകയും ചെയ്തു. അങ്ങനെ ഈ തകർന്ന നിലനിൽപ്പിന്റെ നടുവിലും നമ്മുടെ ജീവിതങ്ങൾ അധികം പൂർണ്ണമായി ദൈവത്തിന്റെ കൈപ്പണി ആയിത്തീരുകയും ചെയ്യുന്നു. ദൈവം നമ്മെ മറ്റുള്ളവരുടെ ജീവിതങ്ങളിലെ കേടുപാടുകളെയും വേദനകളെയും സുഖപ്പെടുത്തുന്നതിനും യഥാസ്ഥാനപ്പെടുത്തുന്നതിനും വേണ്ടി ദൈവത്തോടൊപ്പം നാം പങ്കാളികളായി പ്രവർത്തിക്കുവാൻ ഉപയോഗിക്കുന്നു (എഫെ. 2:10 കാണുക). "ലഭിക്കുന്നവർ മറ്റുള്ളവർക്കു കൊടുക്കണം. സഹായത്തിനായുള്ള വിളി എല്ലാ ദിക്കുകളിൽനിന്നും വരുന്നു. ദൈവം മനുഷ്യരെ തങ്ങളുടെ സഹമനുഷ്യർക്കു സന്തോഷത്തോടെ ശുശ്രൂഷ ചെയ്യുവാൻ ക്ഷണിക്കുന്നു." Ellen G. White, The Ministry of Healing, P. 103.

വീണ്ടും, രക്ഷ നേടുന്നതിനോ ദൈവമുമ്പാകെ നിൽക്കുന്നതിനോ വേണ്ടി നാം സൽപ്രവൃത്തികൾ ചെയ്യുന്നില്ല; അതായത്, ദരിദ്രരെ കരുതുക, പീഡിതരെ ഉയർത്തുക, വിശക്കുന്നവർക്കു ഭക്ഷണം നൽകുക മുതലായവ. ദൈവമുമ്പാകെ നിൽക്കുവാൻ നമുക്കു എപ്പോഴും ആവശ്യമായതെല്ലാം വിശ്വാസത്താൽ ക്രിസ്തുവിൽ നമുക്കുണ്ട്. അതിലുപരി, നാം നമ്മെത്തന്നെ പാപികളായും പാപത്തിന്റെ ബലിയാടുകളായും തിരിച്ചറിയുമ്പോഴും ദൈവം നമ്മെ സ്നേഹിക്കുകയും വീണ്ടെടുക്കുകയും ചെയ്യുന്നു. സ്വയത്തിൽ കേന്ദ്രീകൃത സ്വഭാവം, അത്യാർത്തി എന്നിങ്ങനെയുള്ള പരീക്ഷണങ്ങളുമായി നാം നിരന്തരം പോരടിക്കുമ്പോൾ, സ്വയം ത്യജിക്കുന്നതും വിനീതവുമായ ദൈവകൃപ, നമ്മുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്ന പുതിയ തരം ജീവിതത്തെയും സ്നേഹത്തെയും നമുക്കു വാഗ്ദാനം ചെയ്യുന്നു.

ക്രൂശിലേക്കു നാം നോക്കുമ്പോൾ നമുക്കുവേണ്ടി നിർവ്വഹിക്കപ്പെട്ട വലുതും പൂർണ്ണവുമായ യാഗത്തെ നാം കാണുന്നു. ക്രിസ്തുവിൽ അതു നമുക്കു വാഗ്ദാനം ചെയ്യുന്നതിനോടു യാതൊന്നും കൂട്ടിച്ചേർക്കുവാൻ കഴിയുകയില്ലെന്നു അപ്പോൾ നമുക്കു ബോധ്യമാകുന്നു. അതിൽനിന്നു വ്യത്യസ്തമായി **നാം അതിനോടു പ്രതികരിക്കണം.** അങ്ങനെ പ്രതികരിക്കാൻ, നമുക്കു കാണിക്കപ്പെട്ട സ്നേഹത്തെക്കാൾ മെച്ചമായ മർഗ്ഗം, മറ്റുള്ളവരെ സ്നേഹിക്കുക എന്നതിനെക്കാൾ വേറെയില്ല.

**1 യോഹന്നാൻ 3:16,17 വായിക്കുക. ക്രൂശിനോടുള്ള നമ്മുടെ പ്രതികരണത്തെ ഈ വാക്യങ്ങൾ എങ്ങനെ ശക്തമായി പിടിച്ചടക്കുന്നു?**

**ബുധൻ** **സെപ്തംബർ 4**

## നമ്മുടെ പൊതുവായ മാനുഷികത

യേശു തന്റെ ശുശ്രൂഷയാലും ഉപദേശങ്ങളാലും മൗലികമായ സർവ്വം ഉൾക്കൊള്ളലിനെ അത്യാവശ്യം ആക്കുന്നു. സത്യമായി സദുദ്ദേശത്തോടെ

തന്നെ അന്വേഷിച്ച എല്ലാവരെയും യേശു വാസ്തവമായ ഊഷ്മളതയോടും കരുതലോടും സ്വാഗതം ചെയ്തു. ദുഷ്കീർത്തിയോടുകൂടിയ സ്ത്രീകളും, ചുങ്കക്കാരും, കുഷ്ഠരോഗികളും, ശമര്യക്കാരും, റോമൻ ശതാധിപന്മാരും, മതനേതാക്കളും കുട്ടികളും അതിൽ ഉൾപ്പെട്ടിരുന്നു. ആദിമസഭ രൂപാന്തരപ്പെടുത്തുന്നവിധം കണ്ടുപിടിക്കേണ്ടിവന്നപ്പോൾ, രക്ഷാദാനത്തിന്റെ വാഗ്ദാനവും അതിൽ ഉൾപ്പെട്ടു.

ആദിമവിശ്വാസികൾ സാവധാനം, സുവിശേഷത്തിന്റെ സകലരെയും ഉൾക്കൊള്ളുന്ന സ്വഭാവത്തെ തിരിച്ചറിഞ്ഞപ്പോൾ, മറ്റുള്ളവർക്കുവേണ്ടിയുള്ള സൽപ്രവൃത്തികളെ ഒരു “നല്ലകാര്യം” എന്ന വിധം അവരുടെ വിശ്വാസത്തോടു കൂട്ടിച്ചേർത്തില്ല. യേശുവിന്റെ ജീവിതം, ശുശ്രൂഷ, മരണം എന്നിവ അവർക്കു അനുഭവമായപ്പോൾ, അതു സുവിശേഷത്തിന്റെ അന്തർഭാഗമായി അവർ മനസ്സിലാക്കി. ഉയർന്നു വന്ന പ്രശ്നങ്ങളെയും ചോദ്യങ്ങളെയും നേരിടേണ്ടിവന്നപ്പോൾ, ആദ്യം പൗലൊസ്, പത്രൊസ് എന്നിവർ വ്യക്തിപരമായും (അ.പ്ര. 10:9–20 കാണുക); പിന്നെ സഭ ഒരു സമൂഹമായി യെരൂശലേം ആലോചനാസമിതിയിലും അതിനെ വിശകലനം ചെയ്തു (അ.പ്ര. 15). ദൈവസ്നേഹത്തെക്കുറിച്ചുള്ള അവരുടെ ധാരണയിൽ ഇതു കൊണ്ടുവന്നതായ നാടകീയമായ മാറ്റത്തെയും, എല്ലാവരെയും ഉൾക്കൊള്ളുന്ന സ്വഭാവത്തെയും, യേശുവിനെ അനുഗമിക്കുന്നു എന്നു കരുതുന്നവർ എങ്ങനെ, അതിനെ ജീവിതത്തിൽ കാണിക്കണം എന്നതുമൊക്കെ ഇപ്പോൾ അവർ തിരിച്ചറിയുവാൻ തുടങ്ങി.

**നമ്മുടെ പൊതുവായ മനുഷ്യപ്രകൃതത്തെ സംബന്ധിച്ചു ഈ വേദഭാഗങ്ങൾ എന്താണു പറയുന്നത്? ഓരോ ആശയവും മറ്റുള്ളവരോടുള്ള നമ്മുടെ മനോഭാവത്തെ എങ്ങനെ സ്വാധീനിക്കണം?**

മലാഖി 2:10 ...........................................................................

അ.പ്ര. 17:26 ...........................................................................

റോമർ 3:23 ...........................................................................

ഗലാത്യർ 3:28 ...........................................................................

യേശു നല്ല ശമര്യക്കാരന്റെ കഥപറഞ്ഞതിന്റെ ദൈവശാസ്ത്രപരമായ ഒരു പ്രായോഗിക സംഗ്രഹമാണു ഗലാത്യർ 3:28. സേവിക്കുവാൻ ആരാണു കടപ്പെട്ടിരിക്കുന്നതെന്നു തർക്കിക്കാതെ പോയി സേവിക്കുക, മാത്രംചെയ്യുക. ചിലപ്പോൾ നാം പ്രതീക്ഷിക്കാത്തവർ നമുക്കു ശുശ്രൂഷചെയ്താൽ സ്വീകരിക്കാൻ കൂടി ഒരുങ്ങിയിരിക്കുക. ആഗോള മാനവകുടുംബത്തിന്റെ പൊതുവായ മൂലതത്വം സുവിശേഷത്താൽ ഒരുമിച്ചു ചേർക്കപ്പെടുന്നവരുടെ പൊതു കുടുംബത്തിന്റെ ഒരു ഉന്നതനിലയിലാണു വാസ്തവമായി കാണപ്പെടുന്നത്. ദൈവത്തിന്റെ രക്ഷിക്കുന്ന സ്നേഹം നമ്മെ ദൈവത്തിൽ ഒന്നായിത്തീരുവാൻ ക്ഷണിക്കുന്നു: “യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ

നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിനാൽ സ്നാനമേറ്റും... ഇരിക്കുന്നു" (1 കൊരി. 12:13).

**വ്യാഴം** **സെപ്തംബർ 5**

# നിത്യസുവിശേഷം

"സകല രാജ്യങ്ങൾക്കും വംശങ്ങൾക്കും ഭാഷക്കാർക്കും ജനതകൾക്കുമുള്ള" വെളി. 14:6 രൂപാന്തരപ്പെടുത്തുന്ന സുവിശേഷത്തിന്റെ ക്ഷണവും അഭ്യർത്ഥനയും ക്രിസ്തീയചരിത്രത്തിൽ എന്നും തുടർന്നുകൊണ്ടേയിരിക്കുന്നു. എന്നിരുന്നാലും, വെളിപ്പാടു പുസ്തകം അവസാന കാലത്തേക്കുള്ള ഈ ദൂതിന്റെ - യേശുവിനെ സംബന്ധിക്കുന്ന സദ്വർത്തമാനവും അതിനോടു ചേർന്നതും - ഒരു പുതുക്കപ്പെട്ട പ്രഖ്യാപനത്തെ വിവരിക്കുന്നു.

വെളിപ്പാട് 14:6,7 വായിക്കുക. സുവിശേഷത്തിന്റെ സാധാരണ അറിവ് - യോഹന്നാൻ 3:16 സാർവ്വത്രികമായി സംഗ്രഹിക്കപ്പെട്ടിരിക്കുന്നതു വാക്യം 7 ലെ ദൂതന്റെ പ്രത്യേക സന്ദേശത്തിൽ എങ്ങനെ ഉൾപ്പെട്ടിരിക്കുന്നു?

ദൈവത്തിനു ദുഷ്ടത, ദാരിദ്ര്യം, പീഡനം എന്നിവയെക്കുറിച്ചുള്ള ചിന്തയിൽ ബൈബിൾ കഥയിൽ പൊതുവെയുള്ളതും നമ്മൾ ഈ പഠനത്തിൽ ശ്രദ്ധിച്ചതുമായ മൂന്നു സുപ്രധാന ആശയങ്ങളെ ഒരുമിച്ചുകൊണ്ടു വരുന്നു വെളിപ്പാട് 14:7.

**ന്യായവിധി:** ന്യായവിധിക്കായുള്ള അപേക്ഷ-നീതി നടത്തപ്പെടുന്നതിനു - ചരിത്രത്തിൽ എല്ലാക്കാലവും പീഡിപ്പിക്കപ്പെട്ടവരുടെ നിരന്തരമായ നിലവിളിയാണ്. ദൈവത്തെ, അസ്വസ്ഥരായവരുടെ നിലവിളികളെ ശ്രദ്ധിക്കുന്നവൻ ആയിട്ടാണ്, ഭാഗ്യവശാൽ, ബൈബിൾ ചിത്രീകരിക്കുന്നത്. സങ്കീർത്തനങ്ങളിൽ പലപ്പോഴും പറയപ്പെട്ടിരിക്കുന്നതു പോലെ, അന്യായപെരുമാറ്റങ്ങൾക്കു വിധേയരായവർ ന്യായവിധിയെ ഒരു നല്ല വാർത്തയായി കരുതുന്നു.

**ആരാധന:** എബ്രായ പ്രവാചകന്മാരുടെ എഴുത്തുകൾ പലപ്പോഴും ആരാധനയെയും നല്ല പ്രവൃത്തികളെയും കൂട്ടിയിണക്കുന്നു. ദൈവജനമെന്നു അവകാശപ്പെട്ടിരുന്നവരുടെ ആരാധനയെ അവർ ചെയ്തതും തുടർന്നതുമായ തെറ്റുകളുമായി താരതമ്യം ചെയ്യുന്നു, യെശയ്യാവ് 58 അതിനു ഉദാഹരണമാണ്. ദൈവം അത്യധികം ആഗ്രഹിച്ച ആരാധന ദയാപ്രവൃത്തികളും സാധുക്കളെയും ദരിദ്രരെയും കരുതുന്നതും ആണെന്നു ദൈവം സംശയസാധ്യത ഇല്ലാതെ പ്രസ്താവിച്ചു (യെശ. 58:6,7).

**സൃഷ്ടി:** നമ്മൾ കണ്ടിട്ടുള്ളതുപോലെ, നീതിക്കായുള്ള ദൈവത്തിന്റെ ആഹ്വാനത്തിന്റെ അടിസ്ഥാന ആശയങ്ങളിൽ ഒന്നു മനുഷ്യവർഗ്ഗത്തിന്റെ പൊതുകുടുംബം എന്നതാണ്. അതായത്, ദൈവത്തിന്റെ സ്വരൂപത്തിൽ നാം

എല്ലാവരും സൃഷ്ടിക്കപ്പെട്ടു, എല്ലാവരും ഒരുപോലെ ദൈവത്താൽ സ്നേഹിക്കപ്പെടുന്നു; ദൈവദൃഷ്ടിയിൽ നമുക്കെല്ലാവർക്കും വിലയുണ്ട്, വേറൊരാളിന്റെ അന്യായനേട്ടത്തിനും അത്യാർത്തിക്കുംവേണ്ടി ആരും ചൂഷണം ചെയ്യപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്യുകയും അരുത്. അങ്ങനെ, സത്യാരാധനയും വ്യാജാരാധനയും, ഉപദ്രവവും സംബന്ധിച്ച പ്രശ്നങ്ങളുടെ ഇടയിലും (വെളി. 14:8–12), ശരിയായതിനു വേണ്ടിയും, ദൈവകല്പനകൾക്കും യേശുവിലെ വിശ്വാസത്തിനുവേണ്ടിയും നിവർന്നു നിൽക്കുവാൻ, അതികഠിനമായ ദുഷ്ടതയുടെ നടുവിലും ദൈവത്തിനു ഒരു ജനം ഉണ്ടായിരിക്കും.

**ആവശ്യക്കാരെ സഹായിക്കുവാനുള്ള മാർഗ്ഗങ്ങൾ നമുക്കു എങ്ങനെ കണ്ടെത്താം? അതേ സമയം, ത്രിവിധ ദൂതുകളിൽ കാണപ്പെടുന്ന പ്രത്യാശയെയും മുന്നറിയിപ്പിനെയും അവരുമായി പങ്കുവയ്ക്കുവാൻ എങ്ങനെ കഴിയും?**

**വെള്ളി** **സെപ്തംബർ 6**

**കൂടുതൽ പഠനം:** എലെൻ ജി. വൈറ്റിന്റെ The Desire of Ages, PP.19.26; The Ministry of Healing, PP. 95–107 എന്നിവ വായിക്കുക.

“ദൈവം മുഴുവൻ ഭൂമിയെയും തന്റെ മുന്തിരിത്തോട്ടമായി അവകാശപ്പെടുന്നു. ഇപ്പോൾ അപഹർത്താവിന്റെ അധീനതയിൽ ആണെങ്കിലും, ഇതു ദൈവത്തിന്റേതാണ്. വീണ്ടെടുപ്പിനാൽ, സൃഷ്ടിപ്പിൽനിന്നും ഒട്ടും കുറവില്ലാതെ ഇതു ദൈവത്തിന്റേതാണ്. ലോകത്തിനുവേണ്ടി ക്രിസ്തുവിന്റെ ത്യാഗം നിർവ്വഹിക്കപ്പെട്ടു.” തന്റെ ഏകജതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു അവനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു (യോഹ. 3:16). ആ ഒരു ദാനത്തിലൂടെയാണു മറ്റെല്ലാ ദാനങ്ങളും മനുഷ്യർക്കു നൽകപ്പെടുന്നത്. ദൈവത്തിൽനിന്നു ദിവസേന മുഴുവൻ ലോകവും അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. നന്ദികെട്ട നമ്മുടെ വർഗ്ഗത്തിനുമേൽ ചൊരിയപ്പെടുന്ന ഓരോ മഴത്തുള്ളിയും, ഓരോ പ്രകാശകിരണവും ദൈവത്തിന്റെ നീണ്ട സഹനശക്തിക്കും വലിയ സ്നേഹത്തിനും സാക്ഷ്യം വഹിക്കുന്നു–” Christ’s object Lessons, PP. 301-302.

യെഹൂദനെന്നോ യവനനെന്നോ ദാസനെന്നോ സ്വതന്ത്രനെന്നോ വ്യത്യാസമില്ലാതെ ക്രിസ്തുവിന്റെ രക്തത്താൽ എല്ലാവരും അടുത്തു കൊണ്ടുവരപ്പെട്ടു. (ഗലാ. 3:28; എഫെ. 2:13).

“മതവിശ്വാസ വ്യതിയാനങ്ങൾ എന്തെല്ലാം ആയിരുന്നാലും, കഷ്ടപ്പെടുന്ന മനുഷ്യരുടെ വിളി കേൾക്കപ്പെടുകയും ഉത്തരം നൽകപ്പെടുകയും വേണം....

നമുക്കു ചുറ്റും ഉള്ളവരൊക്കെ സാധുക്കളാണ്, പരീക്ഷിതരായ ആത്മാക്കൾക്കൊക്കെ സഹതാപത്തിന്റെ വാക്കുകളും സഹായകമായ നടപടികളും വേണം. സഹതാപവും കൈത്താങ്ങും വേണ്ടുന്ന വിധവകളുണ്ട്. അനാഥരുണ്ട്, ദൈവത്തിൽനിന്നുള്ള നിധിയായി അവരെ സ്വീകരിപ്പാൻ ക്രിസ്തു തന്റെ അനുയായികളോടു ആവശ്യപ്പെടുന്നു. പലപ്പോഴും അവഗണനയോടെ അവരെ കടന്നുപോകുന്നു. അവർ കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ചു, വൃത്തിഹീനരായി എല്ലാവിധത്തിലും ആകർഷണം ഇല്ലാത്തവരായി കാണപ്പെടാം; എന്നിരുന്നാലും അവർ ദൈവത്തിന്റെ വകയാണ്. വിലയ്ക്കു വാങ്ങപ്പെട്ടവരാണു അവർ, ദൈവത്തിന്റെ ദൃഷ്ടിയിൽ എന്തായാലും അവർ നമ്മെപ്പോലെ വിലപ്പെട്ടവരാണ്. ദൈവത്തിന്റെ വലിയ കുടുംബത്തിലെ അംഗങ്ങളാണ്, ക്രിസ്ത്യാനികൾ ദൈവത്തിന്റെ കാര്യവിചാരകർ എന്ന നിലയിൽ അവർക്കു ചുമതലപ്പെട്ടവർ ആണ്." – Christ's Object Lessions, PP. 386, 387.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ**

1. നമ്മൾ നല്ലതു പ്രവർത്തിക്കുവാനും മറ്റുള്ളവരെ സഹായിക്കുവാനും നോക്കുന്നു. ഇതു നമ്മെ മറ്റുള്ളവരെക്കാൾ മെച്ചമാക്കുന്നു എന്നും നമുക്കു ദൈവിക അംഗീകാരം ഉണ്ടാകണം എന്നുമുള്ള ശോധനയെ നമുക്കു എങ്ങനെ ഒഴിവാക്കാം?
2. "യാതൊരു വ്യത്യാസവും ഇല്ലാത്ത" ഒരു സമൂഹത്തിൽ ആണോ നിങ്ങളുടെ സഭ? അതു കുറെ കൂടെ മെച്ചമാക്കാൻ എങ്ങനെ സാധിക്കും? മറ്റുള്ളവർ നിങ്ങളുടെ സഭയിൽ എത്രമാത്രം ഉൾപ്പെട്ടിട്ടുണ്ട്?
3. മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിൽ നമ്മൾ എത്രമാത്രം തുല്യത പുലർത്തുന്നു? സുവിശേഷസത്യങ്ങൾ അവർക്കും നൽകുന്നതിൽ എത്രമാത്രം ശ്രദ്ധിക്കാറുണ്ട്? സഹായവും സുവിശേഷവും ഒരുമിച്ചുകൊണ്ടു പോകുന്നതു എത്രമാത്രം യോജിച്ചതാണ്?

**സംഗ്രഹം:** രക്ഷാപദ്ധതിയിൽ കാണപ്പെടുന്നതും യേശുവിന്റെ ജീവിതത്തിൽ പ്രായോഗികം ആയതുമായ ദൈവസ്നേഹം പാപക്ഷമയും ജീവനും പ്രത്യാശയും നമുക്കു വാഗ്ദാനം ചെയ്യുന്നു. ഈ കൃപ ലഭിച്ചവരായ നാം അതിനെ മറ്റുള്ളവരുമായി പങ്കിടുവാൻ ആഗ്രഹിക്കുന്നു, രക്ഷനേടുവാനല്ല, എന്നാൽ ഇതു ചെയ്യുവാൻ വേണ്ടിയാണു നാം സൃഷ്ടിക്കപ്പെട്ടതും പുനർസൃഷ്ടിക്കപ്പെട്ടതും. അങ്ങനെ ആയിരിക്കെ, സുവിശേഷം ബന്ധങ്ങളെ രൂപാന്തരപ്പെടുത്തുകയും, സേവിക്കുവാനായി, പ്രത്യേകിച്ചു ആവശ്യക്കാരെ സേവിക്കാനായി നമ്മെ ഒരുക്കുകയും ചെയ്യുന്നു.

***